**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1193** **30-06-2026-ൽ മറുപടിയ്ക്ക്**

**കർഷകർക്ക് പെൻഷനും സുരക്ഷാ ആനുകൂല്യങ്ങളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കർഷകർക്ക് പെൻഷനും മറ്റ് സാമൂഹിക സുരക്ഷ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ പ്രാബല്യത്തിൽ വരുത്തിയ കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ അംഗങ്ങളായ കർഷകരുടെ വിശദാംശം വ്യക്തമാക്കാമോ;

**മറുപടി:** 2020 ൽ രൂപീകരിച്ച ബോർഡിൽ ആകെ രജിസ്ട്രേഷൻ ചെയ്തവർ 19,101 ഉം, രജിസ്ട്രേഷൻ ഫീസ് അടച്ചവർ 15,384 ഉം, പൂർണ്ണ അംഗത്വം ലഭിച്ചവർ 12,249 ഉം ആണ്. 2020 ൽ രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി മാർഗ്ഗരേഖ 5 വർഷം കഴിഞ്ഞിട്ടും സർക്കാർ അംഗീകരിക്കാതിരുന്നതിനാൽ കർഷകർക്ക് ബോർഡിന്റെ ഭാഗത്തുനിന്ന് യാതൊരു ആനുകൂല്യവും നൽകി തുടങ്ങിയിട്ടില്ല.

**(ബി)** രാജ്യത്ത് ആദ്യമായി 16 ഇനം പഴം-പച്ചക്കറികൾക്ക് തറവില പ്രഖ്യാപിച്ച സംസ്ഥാനമെന്ന നിലയിൽ, വിലത്തകർച്ച നേരിടുന്ന കർഷകർക്ക് ഈ നയം എത്രത്തോളം സംരക്ഷണം നൽകി എന്ന് വിശദമാക്കാമോ;

**മറുപടി:** ഇന്ത്യയിൽത്തന്നെ ആദ്യമായി പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. 2020 നവംബർ 1 മുതൽ കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് ബേസ് പ്രൈസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പഴം-പച്ചക്കറി കർഷകർക്ക് വിലസ്ഥിരതയും സുസ്ഥിര വരുമാനവും ഉറപ്പാക്കുന്നതിനും, പഴം-പച്ചക്കറി കൃഷിയിൽ തുടർന്നുനിൽക്കുന്നതിനുള്ള സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

കേരളത്തിലെ കർഷകർക്കായി സമ്പൂർണ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കിയ ആദ്യ പദ്ധതികളിലൊന്നാണ് അടിസ്ഥാനവില പദ്ധതി. കർഷക രജിസ്ട്രേഷൻ മുതൽ അപേക്ഷ പരിശോധനയും വിലവ്യത്യാസ തുകയുടെ വിതരണവും വരെ സുതാര്യമായ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്.

സർക്കാരും വി.എഫ്.പി.സി.കെ.യും സംയുക്തമായി തെരഞ്ഞെടുത്ത വിപണികളിലൂടെയാണ് പദ്ധതിയുടെ നടത്തിപ്പ്. നിലവിൽ സംസ്ഥാനത്ത് 16 വിളകളാണ് പദ്ധതിയുടെ പരിധിയിൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ ഏകദേശം 16,000 കർഷകർക്ക് ₹15 കോടിയുടെ വിലവ്യത്യാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

**(സി)** വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരിൽ നിന്ന് വി.എഫ്.പി.സി.കെ (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) വഴി ഉല്പന്നങ്ങൾ സംഭരിക്കാൻ നൽകിയ പ്രത്യേക സാമ്പത്തിക സഹായങ്ങൾ കർഷകർക്ക് ഗുണകരമായത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2025-26 സാമ്പത്തിക വർഷത്തിൽ വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ രണ്ട് പുതിയ കാർഷിക വിപണികൾ കൂടി ആരംഭിച്ചതിലൂടെ കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ വിപണനം ചെയ്യുവാനുള്ള വിപുലമായ സൗകര്യവും മെച്ചപ്പെട്ട വിലയും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 4 സ്വാശ്രയ കർഷക സമിതികൾക്കുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇത് കർഷകരുടെ ഉൽപ്പന്നങ്ങൾ കൂടുതൽ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും സംഭരിക്കുന്നതിനും സഹായിക്കും.

**വിപണി സ്ഥിരത പദ്ധതി** (Market Stabilization Scheme): അധികരിച്ച വിപണി ചെലവുകൾ മൂലം സ്വാശ്രയ കർഷക സമിതികളിലൂടെ വിപണനം ചെയ്യുന്ന പഴം-പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിലവ്യത്യാസം പൂർണ്ണമായി കർഷകരിലേക്ക് എത്തിക്കുന്നതിന് നേരിട്ടിരുന്ന തടസ്സങ്ങൾ, സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന 'വിപണി സ്ഥിരത പദ്ധതി' പ്രകാരം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇത് സമിതികളിലെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് വില വ്യത്യാസം കൃത്യമായി നൽകുന്നതിനും കർഷകരെ സഹായിക്കുന്നു.

**മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി** (Market Intervention): വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികളിൽ കൂടി വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് പ്രാദേശികമായി വിലത്തകർച്ച നേരിടുമ്പോൾ, പ്രസ്തുത ഉൽപ്പന്നങ്ങൾ മറ്റ് മികച്ച വിപണികളിൽ എത്തിക്കുന്നതിനും, കർഷകർക്ക് നഷ്ടം വരാതെ മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഈ പദ്ധതി മുഖേന സാധിക്കുന്നുണ്ട്.

**റിസ്ക് ഫണ്ട് പദ്ധതി** (Risk Fund Scheme): സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാനവില (തറവില) പദ്ധതിയിൽ ഉൾപ്പെടാത്ത വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് വി.എഫ്.പി.സി.കെ.യുടെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വിപണിയിലെ വിലയിടിവിൽ നിന്നും സംരക്ഷണവും വില സ്ഥിരതയും ഉറപ്പുവരുത്തുന്നു.

**വിപണന ഇൻസെന്റീവ്** (Marketing Incentive): വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികളിലൂടെ പഴം-പച്ചക്കറികൾ വിപണനം ചെയ്യുന്ന കർഷകർക്ക് അവർ വിപണനം നടത്തുന്ന ഉൽപ്പന്നങ്ങളുടെ തൂക്കത്തിനെ അടിസ്ഥാനമാക്കി കിലോയ്ക്ക് 1 രൂപ എന്ന നിരക്കിൽ നേരിട്ട് സാമ്പത്തിക വിപണന ഇൻസെന്റീവ് ലഭ്യമാക്കിവരുന്നു.

**(ഡി)** റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർദ്ധിപ്പിച്ചതും, കാപ്പി, കുരുമുളക് തുടങ്ങിയവയ്ക്ക് സമാനമായ താങ്ങുവില ഉറപ്പാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതും മുൻ സർക്കാരിന്റെ കർഷകപക്ഷ നയങ്ങളുടെ ഭാഗമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** റബ്ബറിന്റെ താങ്ങുവില 2025 നവംബർ 1 മുതൽ കിലോഗ്രാമിന് ₹180-ൽ നിന്ന് ₹200 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ റബ്ബറിന്റെ പൊതുവിപണിയിലെ വില സർക്കാർ പ്രഖ്യാപിച്ച

താങ്ങുവിലയേക്കാൾ ഉയർന്നു നിന്നതിനാൽ ഈ പദ്ധതി 2025-26 വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**